# പെസഹാ വ്യാഴാഴ്ച സന്ധ്യ

**കൗമാ**

**ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു**

പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മ്ശിഹാ
മോദി-ച്ചരുളുക കൃപ നിൻ-പെസഹായാൽ

(+) **കുരിശു വരച്ച് കുമ്പിടണം**

പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മ്ശിഹാ
മോദി-ച്ചരുളുക കൃപ നിൻ-പെസഹായാൽ

(+) **കുരിശു വരച്ച് കുമ്പിടണം**

പെസഹാ-യാൽ പെസഹാടിനെ നീ-ക്കിയ മ്ശിഹാ
മോദി-ച്ചരുളുക കൃപ നിൻ-പെസഹായാൽ

(+) **കുരിശു വരച്ച് കുമ്പിടണം**

സുറിയാനി

**ബ്രിക്മുക്കോക്ദഹലോഫൈൻ**

മ്ശീഹോ- ദബ്ബുപെഹോശാറൊയ്ലേ-
മ്മറുപെസാഹൊബപെസഹോ
അപ്സഹലാൻവെസറാ ഹാമേലൈൻ (+) **കുരിശു വരച്ച് കുമ്പിടണം**

മ്ശീഹോ- ദബ്ബുപെഹോശാറൊയ്ലേ-
മ്മറുപെസാഹൊബപെസഹോ
അപ്സഹലാൻവെസറാ ഹാമേലൈൻ (+) **കുരിശു വരച്ച് കുമ്പിടണം**

മ്ശീഹോ- ദബ്ബുപെഹോശാറൊയ്ലേ-
മ്മറുപെസാഹൊബപെസഹോ
അപ്സഹലാൻവെസറാ ഹാമേലൈൻ (+) **കുരിശു വരച്ച് കുമ്പിടണം**

### ഗദ്യം

ഞങ്ങൾക്കു വേണ്ടിയുള്ള തന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. തന്റെ പെസഹായാൽ- പെസഹായുടെ കുഞ്ഞാടിനെ അഴിച്ചവനായ മ്ശിഹാ! {(+) കുരിശു വരച്ച് കുമ്പിടണം }തന്റെ പെസഹായാൽ - ഞങ്ങളെ സന്തോഷിപ്പിച്ച് - ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങൾക്കു വേണ്ടിയുള്ള തന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. തന്റെ പെസഹായാൽ- പെസഹായുടെ കുഞ്ഞാടിനെ അഴിച്ചവനായ മ്ശിഹാ! {(+) കുരിശു വരച്ച് കുമ്പിടണം }തന്റെ പെസഹായാൽ - ഞങ്ങളെ സന്തോഷിപ്പിച്ച് - ഞങ്ങളോടു കരുണ ചെയ്യണമെ.

ഞങ്ങൾക്കു വേണ്ടിയുള്ള തന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു. തന്റെ പെസഹായാൽ- പെസഹായുടെ കുഞ്ഞാടിനെ അഴിച്ചവനായ മ്ശിഹാ! {(+) കുരിശു വരച്ച് കുമ്പിടണം }തന്റെ പെസഹായാൽ - ഞങ്ങളെ സന്തോഷിപ്പിച്ച് - ഞങ്ങളോടു കരുണ ചെയ്യണമെ.

**(ലൊക്മോർ തെശുദ്ദുഹത്തോ)**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion’s gates above
May our pleas be heard at the throne of Christ.

Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

(സുറിയാനി)

ലോക്മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ
വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻതാരാ അയ് ഒറിശലേം ദഹലാ അൽ
നെൽഓൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

ഗദ്യം

എന്റെ കർത്താവേ! തനിക്കു സ്തുതി തന്റെ പിതാവിനു ബഹുമാനവും ശുദ്ധമുള്ള തന്റെ റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളുമായ ഞങ്ങളുടെമേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ തന്റെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവേ സ്തുതി, ഞങ്ങളുടെ കർത്താവേ സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ സ്തുതി, ബാറെക്മോർ

സ്വർഗ്ഗസ്ഥനായഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power, and the glory, for ever and ever. Amen (+)

**(51-ാം മസുമൂർ)**

ദൈവമേ! തവ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

കർത്താവിനു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തിരുവചനത്തിൽ കർത്താവു നീതീകരിക്കപ്പെടുകയുംതിരുന്യായവിധികളിൽ കർത്താവു ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻവെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോ

ഷിക്കും. എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ.

തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ.

അപ്പോൾ ഞാൻ അതിക്രക്കാരെ തിരുവഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യാഗ്യമാകുന്നു.
ബാറെക്മോർ.

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out al my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me.

But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee.

Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

ശുബഹോ......... മെനഗാലം.......... കുറിയേലായിസ്സോൻ.

**എനിയോനോ**

**(ഹൗദഹവോ ബുഖറൊ..... പാതകിപോൽ ..... എന്നപോലെ)**

1. സ്വജനത്തിൻ-തുപ്പലതേല്ക്കുകയാൽ
അ-ന്യ-ജനത്തെ വീണ്ടോനേ
ദേവാ! ദയ ചെയ്തീടണമെ.

2. സുരഭിലമാം-മൂറോൻ തൈലത്താൽ
സ-ഭ-യെ-മോദിപ്പിച്ചോനെ
ദേവാ! ദയ ചെയ്തീടണമെ.

3. നിൻ പാപം-മോചിതമെന്നേവം

പാപിനി-യോടുര ചെയ്തോനേ
ദേവാ! ദയ ചെയ്തീടണമെ.

4. പാപിനിതൻ-കണ്ണീർ കൈക്കൊണ്ട്
പാ-പ-വിമുക്തി കൊടുത്തവനെ
ദേവാ! ദയ ചെയ്തീടണമെ.

5. സ്വജനത്തിൽ-കനിയുക കർത്താവേ!
പി-ന്മാ-റീടരുതവരീന്നും
ദേവാ! ദയ ചെയ്തീടണമെ.

ബാറെക്മോർ-സുബഹോ.മെനഓലം
6. നിന്റെ ഹിതം-നിർമ്മിച്ചവയഖിലം
നി-ൻ-പേർ-ക്കായ് സ്തുതിയേറ്റട്ടെ
ദേവാ! ദയ ചെയ്തീടണമെ. കുറിയേലായിസോൻ

## 140, 141, 118, 116 മസുമൂർ

കർത്താവേ! തന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോടുത്തരമരുളി ച്ചെയ്യണമേ. എന്റെ വചനങ്ങളെ സൂക്ഷിച്ചു കേട്ട് കൈക്കൊള്ളകയും ചെയ്യണമേ.

എന്റെപ്രാർത്ഥന തിരുമുമ്പാകെ ധൂപംപോലെയും എന്റെകൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമേ. എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കു കാവൽക്കാരനേയും എന്റെഅധരങ്ങൾക്കു കാവൽക്കാരനേയും നിയമിക്കണമേ.

ദുഷ്ടമനുഷ്യരൊടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയുംശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു.

അവരുടെ വിധികർത്താക്കൾ പാറയിൻ മുനയാൽതടുക്കപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ തന്റെ അടുക്കലേക്കുയർത്തി, തന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികളെ മറച്ചുവെച്ചിട്ടുള്ള പ്രശംസക്കാരുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നു പോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു.

തിരുമുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. തിരുമുമ്പാകെ എന്റെ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു. കർത്താവ് എന്റെ ഊടുവഴികളെ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികളെ മറച്ചുവെച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവനില്ലെന്നു ഞാൻ കണ്ടു.

സങ്കേതസ്ഥലം എനിക്കില്ലാതെയായി. എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല.

കർത്താവേ!ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എന്റെ ആശ്രയവും എന്റെ ഓഹരിയും കർത്താവാകുന്നു എന്നു ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എന്റെ അപേക്ഷയെ സൂക്ഷിച്ചുകേൾക്കണമേ. എന്നെ പീഡിപ്പിക്കുന്നവർഎന്നേക്കാ

ക്കാൾ ബലവാന്മാരായതുകൊണ്ട് അവരിൽ നിന്ന് എന്നെ വിടുവിക്കണമേ. ഞാൻ തിരുനാമത്തെ സ്തോത്രം ചെയ്‌വാനായിട്ട് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമേ. കർത്താവ് എന്നോടുത്തരമരുളിച്ചെയ്യുമ്പോൾ കർത്താവിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

കർത്താവിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവും ആകുന്നു. തന്റെ നീതിയുള്ള വിധികളെ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ടു നിശ്ചയിച്ചു.

ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! തിരു വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ കർത്താവ് ഇഷ്ടപ്പെണമേ.

തിരു ന്യായങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമേ. എന്റെ ദേഹി എല്ലായ്പ്പോഴും തിരുകൈകളിൽ ഇരിക്കുന്നു. തവ വേദപ്രമാണത്തെ ഞാൻ മറന്നില്ല.

പാപികൾ എനിക്കായിട്ട് കെണികളെ വച്ചു. എന്നാലും ഞാൻ തിരുകല്പനകളിൽ നിന്ന് മാറിപ്പോയില്ല. ഞാൻതിരുസാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന് ആനന്ദമാകുന്നു.

തിരുകല്പനകളെ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ കർത്താവിന്റെ കൃപ നമ്മുടെ മേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു.
ദൈവമേ സ്തുതി തനിക്കു യോഗ്യമാകുന്നു. ബാറെക്മോർ.

O! Lord, I requested to you, please come quickly to me. Kindly hear my voice carefully when I requested to you.

O! Lord, let my prayer be set before you like incense;may the lifting up of my hands, be like the evening sacr- ifice.

O! Lord, please set a guard over my mouth, and keep watch over the door of my lips. Let not my heart be drawn to any evil to take part in wicked deeds, with men who are evil doers. Kindly do not allow me to eat the delicacies of the wicked.

Let a righteous man strike me; it is a kindness; let him rebuke me, it is oil only head, my head will not refuse it.

Yet my prayer is ever against the deeds of the evil doers; their rulers will be thrown down from the cliffs and the wicked will learn that my words were well spoken, they will say.

“As one plows and breaks up the earth, so our bones have been scattered at the mouth of the grave”.

O! sovereign Lord, but, my eyes are fixed on you, in you I take refuge; do not give me over to death.

Please keep me from the snares they have laid for me, and from the traps set by evil doers. While I pass by in

safety, let the wicked fall into their own nets.

I lift up my voice to the Lord for mercy and I cry aloud to my Lord. I tell my trouble before him; I pour out my compliant before him. When my spirit grows fair within me, it is you who know my way.

In the path where I walk, men have hidden a snare for me.

Look to my right and see; and no one is concerned for me. I have no refuge no one cares for my life. O! Lord, I cry to you; I say, “You are my refuge, and my portion in the land of the living”.

Kindly listen to my cry, for I am in desperate need; rescue me from those who pursue me, for they are too strong for me.

Please set me free from my prison, that I may praise your name. Then the righteous will gather about me, because of your goodness to me.

O! Lord, please hear my prayer; for mercy listen to my cry; in your faithfulness and righteousness come to my relief. Do not bring your servant into judgement, for no one living is righteous before you.

Your word is a lamp to my feet and a light for my path. I have sworn an oath and confirmed it, that “I will follow your righteous laws” O Lord, I have

suffered much; preserve my life, according to your word. Accept O! Lord, the willing praise of my mouth and teach me your laws.

I will not forget your law even though I constantly take my life into my hands. The wicked have set a snare for me, but I have not strayed from your precepts.

Your statutes are my heritage for ever, they are the joy of my heart. My heart is set on keeping your decrees, to the very end.

Praise the Lord all ye nations. Extol him, all you people.

For great is his love toward us and the faithfulness of the Lord endures for ever.
And to Thee belongs the praise, O God. Barekmor.

**(എനിയോനോ)**

**(യൗമ്മോനോ-ഇന്നാൾനിൻ കബറിങ്കൽ.......എന്ന പോലെ)**

1. ഇന്നാളിൽ-സെമഓനും-യോഹന്നാനും പ്രേ-ഷിതരായി
നമ്മുടെ രക്ഷയ്ക്കായ് ബലിയായ രഹസ്യേശനായ്
പെസഹാ കുഞ്ഞാ-ടതിനേ സജ്ജമതാ-ക്കിടുവാനായ്

2. **ഇന്നാളിൽ-നിങ്ങളിലൊരുവൻ-എന്നെയൊറ്റീടും-വില വാങ്ങും**
യാതനയും-നരകാഗ്നിയുമവനേറ്റീടുമെന്നേവം
മഹിത രഹസ്യം-ശിഷ്യർക്കായ് നാഥൻ-വെളിവാക്കി

3. **ഇന്നാളിൽ-പാവനപുരിയിൽ-ശീമോൻയോഹന്നാ-ന്മാർ ചെന്നു**
ബലികൾക്കീശനു കുഞ്ഞാടിനെയും തയ്യാറാക്കി

മാളിക തന്നിൽ-മഹനീയം മർമ്മം നിറവേറ്റി

4. ഇന്നാളിൽ-സർവ്വാധീശൻ-തൻ ക്ലേശത്തേയാ-സ്പദമാക്കി
നിങ്ങളിലൊരുവൻ വിമതർന്നെന്നെയേല്പിച്ചിടുമെ
ന്നുര ചെയ്തപ്പോൾ-ശിഷ്യഗണം പാരം-വ്യഥ പൂണ്ടു

5. **ശിഷ്യഗണം-സംഭ്രമമാർന്ന്-നിങ്ങളിലൊരുവൻതാനെന്നെയഹോ**
വിറ്റിഹവാങ്ങും വിലയെന്നേവം ഗുരു ചൊന്നപ്പോൾ
ആരും ധാർഷ്ട്യം-കാണിച്ചില്ലാരെന്നാരായാൽ
ബാറെക്മോർ-ശുബഹോ-മെനഓലം

6. **സകലേശാ-വിമലസഭയ്ക്കായ്-നിൻതനുവിൽക്ലേശം സ്വയമേറ്റ്**
തെറ്റിപ്പോയൊരു വഴിയീന്നതിനെ രക്ഷിച്ചോനേ!
ഭിന്നതനീക്കി-സഭയിൽ വളർത്തണമേ നിൻശാന്തി
സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

പുരോഹിതൻ: നാം എല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോടു കരുണയും ദയവും യാചിക്കണം.

പ്രതിവാക്യം: കാരുണ്യവാനായ കർത്താവേ! ഞങ്ങളിൽ കരുണ തോന്നി ഞങ്ങളെ സഹായിക്കണമെ.

പുരോഹിതൻ: സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും അനശ്വരമായ നല്ല ഉന്നതിയും നിത്യവും ഇടവിടാതെ അർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ.

ന്യായപ്രമാണസൂചനകളെ നിറവേറ്റുവാൻ വേണ്ടി പെരുനാളിനു കരേറിച്ചെന്നവനായി പെരുനാളുകളുടെ നാഥനും, പെരുനാളുകളെ പൂർണ്ണമാക്കുന്നവനും, ഞാൻ മരിക്കുന്നതിനു മുമ്പ് നിങ്ങളോടുകൂടി പെസഹാ ഭക്ഷിപ്പാനും പഴയവയെ നിവൃത്തിപ്പാനും നിഴലായവയെ പൂർണ്ണമാക്കുവാനും എന്നേക്കും നിങ്ങളോടുകൂടെ ഇരിപ്പാനുമായിട്ട് എന്റെ രക്തത്തിൽ പുതിയ ഉടമ്പടിയെ നിങ്ങളെ ഏല്പിപ്പാനും പഴക്കം വരാത്ത ഭാവി ജീവന്റെ

അച്ചാരമായി എന്റെ വിശുദ്ധ ശരീരവും വിലയേറിയ രക്തവും നിങ്ങൾക്കു തരുവാനും ഞാൻ അത്യന്തം ആഗ്രഹിക്കുന്നു എന്നും അവ നിങ്ങൾക്കു കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും ആയിരിക്കുമെന്നും തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തവനും ആയ തനിക്കു സ്തുതി. തനിക്ക് ദൈവീകമായ ഈ സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈസമയത്തുംസകലപെരുന്നാളുകളിലുംനേരങ്ങളിലുംസമയങ്ങളിലുംഞങ്ങളുടെആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

## സെദറാ

തന്റെ ദേഹത്താൽ ലോകത്തിന്റെ അകൃത്യത്തെ വഹിപ്പാനും, തന്റെ കൃപയാൽ ലോകത്തിന്റെ ജിവനുവേണ്ടി അറക്കപ്പെടുവാനും, തന്റെ കരുണയാൽ പാപികൾക്കു പകരം തന്നെത്തന്നെ കുരിശുമരണത്തിനു കൊടപ്പാനുമായി എഴുന്നള്ളി വന്ന മഹത്വത്തിന്റെ രാജാവും എല്ലാറ്റിന്റേയും ദൈവവും ദൈവത്തിന്റെ കുഞ്ഞാടുമായ മ്ശിഹാതമ്പുരാനേ, ന്യായപ്രമാണത്തിലും മറ്റും വിധിച്ചിട്ടുള്ള പ്രകാരം കാളക്കുട്ടികൾ, കാളകൾ, ആട്ടിൻകുട്ടികൾ, മുട്ടാടുകൾ എന്നിവയെ വെട്ടി ബലികഴിക്കൽ, പാനീയനിവേദ്യം. ധൂപയാഗം എന്നിവയിൽ നിന്നു ഞങ്ങളെ ഉദ്ധരിപ്പാൻ വേണ്ടി തന്റെ മനുഷ്യസ്നേഹത്താൽ തിരുവുള്ളംതോന്നി. ഇന്നു നിങ്ങളോടുകൂടി പെസഹാ ഭക്ഷിപ്പാൻ എനിക്ക് ഏറ്റവും ആഗ്രഹം ഉണ്ട്, അതിനാൽ നിങ്ങൾ പോയി നമുക്ക് പെരുനാളിനു വല്ലതും ഒരുക്കുവിൻ, ഒരു കുടം വെള്ളം ചുമന്ന ഒരാൾ എവിടേക്കു കടക്കുന്നുവോ, അവിടേയ്ക്കു അവനോടുകൂടെച്ചെന്ന് ആ വീട്ടിന്റെ ഉടമസ്ഥനോട് ഇന്നു രാത്രി ഞങ്ങളുടെ ഗുരുവും നാഥനുമായവൻ നിന്റെ അടുക്കൽ പെസഹാ കഴിപ്പാൻ ഇരിക്കുന്നുയെന്ന് അരുളിചെയ്യുന്നു എന്നു നിങ്ങൾ പറവീൻ. ഇന്നു തന്റെ ശിഷ്യന്മാരോടു് അരുളിച്ചെയ്തപ്രകാരം ശെമവൂനും യോഹന്നാനും പോയി. കബറിൽ നിന്നു താൻ ഉയർപ്പിച്ചിട്ടുള്ള തന്റെ സ്നേഹിതന്റെ ഭവനമായ ഒരുക്കപ്പെട്ട മാളിക അവർ കണ്ടെത്തി. തന്റെ ആജ്ഞപോലെ സകലവും അവർ തയ്യാറാക്കി. തന്റെ ശിഷ്യന്മാരോടുകൂടെ ന്യായപ്രമാണം അനുസരിച്ച് അനുസരിച്ചു് അത്താഴം കഴിച്ചശേഷം പൂർണ്ണ താഴ്മയാകുന്ന ഉന്ന

തിയുടെ നിമ്മലമാമാഗ്ഗത്തെ പ്രവൃത്തിയാലും വചനത്താലും അവരെ പഠിപ്പിപ്പാൻ തിരുമനസ്സായി. താൻ അരയിൽ തൂവാല കെട്ടിയിരുന്ന് നിങ്ങൾ ഇപ്രകാരം തമ്മിൽ തമ്മിൽ സ്നേഹത്തോടെ പെരുമാറി എങ്കൽ നിന്നു മനോവിനയം പഠിപ്പീൻ എന്നു അരുളിച്ചെയ്തു. അത്താഴം കഴിച്ച ഉടൻ വിശുദ്ധ തൃക്കൈകളിൽ പുളിപ്പുള്ള അപ്പം എടുത്തു സ്തോത്രം ചെയ്ത് അനുഗ്രഹിച്ച് ഇതു ലോകത്തിനെല്ലാം വേണ്ടി ബലികഴിക്കപ്പെടുന്ന രഹസ്യമാണെന്നും ഇതു എന്റെ ശരീരമാണെന്നും എന്നെ വിശ്വസിക്കുന്ന ഏവന്റേയും കടങ്ങളുടെ പരിഹാരത്തിനായി ഇതു നിങ്ങൾ വാങ്ങി ഭക്ഷിപ്പീൻ എന്നും അരുളിച്ചെയ്തു് അവക്ക് കൊടുത്തു. ഇപ്രകാരം കാസായും അനുഗ്രഹിച്ചു് അവക്ക് കൊടത്തു് ഇതു പുതിയനിയമത്തിലെ എന്റെ രക്തമാകുന്നു, എന്നെ വിശ്വസിക്കുന്ന ഓരോരുത്തരുടേയും പാപമോചനത്തിനുവേണ്ടി നിങ്ങൾ എല്ലാവരും ഇതുവാങ്ങി പാനം ചെയ്‌വീൻ, ഞാൻ വീണ്ടും വരുന്നതുവെരെയ്ക്കും എന്റെ മരണത്തിന്റെ ഓമ്മയ്ക്കായി ഇറപകാരം ചെയ്‌വീൻ എന്ന് അവരോടു കല്പിച്ചു. അനന്തരം അവരെ പിതാവിന് ഏല്പിച്ചു കൊടുത്തു. മത്സരക്കാരന്റെ ഏല്പിച്ചു കൊടുക്കൽ, ശിഷ്യന്മാരിൽ തലവന്റെ ഉപേക്ഷണം, എഴുപെട്ടിരിക്കുന്നപ്രകാരമുള്ള ഓടിപ്പോക്ക് എന്നിവയെ അവക്ക് വെളിപ്പെടുത്തിക്കൊടുത്തു. പഴയ കാര്യങ്ങൾക്കു സമാപ്തി വരുത്തി. നിത്യജീവനും മരണമില്ലായ്മയും അനശ്വരത്വവും നൽകുന്ന പുതിയ നിയമത്തെ ഏപ്പെടുത്തി. പുതിയതും കത്താവിനടുത്തതുമായ പെരുനാൾ എത്രയോ വിസ്മയനീയമാകുന്നു! ഹാ! വിസ്മയനീയവും അവണ്ണനീയവുമായ രഹസ്യം എത്രയോ അതിശയനീയമാകുന്നു! ഹാ! അവണ്ണനിയമായ ശ്രേഷ്ഠത എത്രയോ വിസ്മയനീയമാകുന്നു! ഹാ! അപരിമിതമായ മനുഷ്യസ്നേഹം എത്രയോ അതിശയനീയമാകുന്നു! ഹാ! തന്റെ രഹസ്യത്താൽ ഭക്ഷിക്കപ്പെടുന്ന ന്യായപ്രമാണത്തിലെ കുഞ്ഞാടിനെ ഭക്ഷിച്ച സ്വഗ്ഗീയകുഞ്ഞാട് എത്രയോ വിസ്മയനീയമാകുന്നു! ഹാ! ഞങ്ങളുടെ രക്ഷയുടെ രഹസ്യം നിറവേറ്റിയതായ പുളിപ്പില്ലാത്ത അപ്പത്തിന്റെ വലിയ നാൾ എത്രയോ വിസ്മയനീയമാകുന്നു! ഹാ! ഒരു വയസ്സുള്ള കുഞ്ഞാട് അതിൽ വച്ചു് ഭക്ഷിക്കപ്പെടുകയും തന്റെ ബലിയാൽ ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ജീവനു

ള്ള ദൈവത്തിന്റെ കുഞ്ഞാട് അതിൽ വെച്ച്് ഭക്ഷിക്കപ്പെടുക യും ചെയ്ത രഹസ്യപൂർണ്ണമായ മാളിക എത്രയോ വിസ്മയനീയ മാകുന്നു! ഇന്നു പൂർണ്ണമുള്ള പ്രധാന പുരോഹിതനായ മ്ശദേ ക്കിന്റെ ദൃഷ്ടാന്തമായി അപ്പത്താലും വീഞ്ഞാലും ജീവന്റെ അ പ്പം സ്വർഗ്ഗത്തിൽ നിന്നു കൂദാശവഴിയായി നമുക്കു ഭരമേല്പിക്ക പ്പെട്ടു. ഇന്നു നാം എല്ലാവരും ശുദ്ധീകരണപെരുനാളും പാപപ രിഹാരപെരുനാളും കൊണ്ടാടണം. ആയത് തിന്മയും കയ്പുമാകു ന്ന പഴയ പുളിമാവുകൊണ്ടല്ല വെടിപ്പും വിസുദ്ധിയുമാകുന്ന പു ളിമാവുകൊണ്ടു ഘോഷിക്കണം. ഇന്നു പഴമയിൽ നിന്നു പുതു മയിലേക്കും, മരണത്തിൽ നിന്നു മരണമില്ലായ്മയിലേയ്ക്കും, ദാ സ്യവൃത്തിയിൽ നിന്നു കർതൃസ്വാതന്ത്ര്യത്തിലേയ്ക്കും, ആടുകളി ലെ കുഞ്ഞാടിൽ നിന്നു ദൈവത്തിന്റെ കുഞ്ഞാടിലേക്കും മാറ്റം നൽകിയ പരിശുദ്ധവും കർത്താവിനടുത്തതുമായ പെസഹാപെ രുനാളിനെ നാം കൊണ്ടാടണം. ഇന്നു അവിശ്വാസത്തിൽ നിന്നു വിശ്വാസത്തിലേക്കും, വഴിതെറ്റിൽ നിന്നു സത്യവഴിയിലേക്കും ഉള്ള ആത്മികമാറ്റം നമുക്കുണ്ടായി. ഇന്നു അക്ഷയമായ യഥാ ർത്ഥ ജീവനെ നാം കണ്ടെത്തി. ഇന്ന് മാളികയിൽ വെച്ച്് കഴിക്ക പ്പെട്ട രക്തരഹിതമായ നിഷ്കളങ്ക ബലിയാൽ മൂകജന്തുക്കളെ വെട്ടിക്കൊല്ലുന്ന ആയുധം ലേവ്യഭവനക്കാരിൽ നിന്നു വിട്ടുപി രിഞ്ഞു. ഇന്ന് എല്ലാ രക്തങ്ങളും തന്റെ രഹസ്യത്താൽ ഛിന്ന പ്പെട്ടിരുന്നതായി സംസാരശക്തിയുള്ളതും രക്തമില്ലാത്തതുമാ യ കുഞ്ഞാടിന്റ ബലിയിൽ സീയോൻ ദേവാലയത്തിൽ നിന്നു ര ക്തച്ചൊരിച്ചിലും ചാരം വിതറലും നിർത്തപ്പെട്ടു. ഇതു ഹേതുവാ യിട്ടു മൃതനെപ്പോലെ തിരുശരീരവും രക്തവും ഞങ്ങൾക്കു ഭാ ഗിച്ചുതരികയും ജീവനുള്ളവനെപ്പോലെ അതിൽ നിന്നു ഭക്ഷി ക്കുകയും കുടിക്കയും ചെയ്തവനായ ഞങ്ങളുടെ മ്ശിഹാതമ്പുരാ നെ! തന്നോടു ഞങ്ങൾ അപേക്ഷികുന്നു. കർത്താവ് ജീവച്ചിരി ക്കുന്നവനും മരിച്ചവനും കൊല്ലപ്പെട്ടവനും ജീവദാതാവും ആ ണെന്നു ഞങ്ങൾ അറിയുന്നു. പരിശുദ്ധമായ ശരീരത്തിന്റേയും രക്തത്തിന്റേയും ചൈതന്യപ്രദമായ അംഗീകരണത്തിന് ഇ പ്പോൾ ഞങ്ങളെ അർഹരാക്കണമെ. സംഹാരകൻ അകത്തു കട ന്നു ജീവകരമായ തന്റെ കഷ്ടാനുഭവത്തേയും മരണത്തേയും കു റിച്ചുള്ള നിർമ്മല വിചാരങ്ങളാകുന്ന ഞങ്ങളുടെ ആത്മാക്കളിലെ

ആദ്യജാതന്മാരെ നശിപ്പിക്കാതിരിപ്പാനായിട്ടു അവനിൽ നിന്നു ഞങ്ങൾ രക്ഷിക്കപ്പെടുമാറാകണമെ. വിനായകമാകുന്ന അരക്കച്ച കെട്ടിയും, സമാധാനമാകുന്ന ചെരിപ്പിട്ടും, കർത്താവിന്റെ ജയമുള്ള സ്ലീബായാകുന്ന വടിയെ അവലംബിച്ചും അതിനെ ഭക്ഷിപ്പാൻ ഞങ്ങളെ അർഹരാക്കണമെ. സത്യ ഉപ്പു ചേർത്തു സ്നേഹാഗ്നിയിൽ വറുത്ത നിഷ്കളങ്കമായ സത്യവിശ്വാസത്താൽ യാതൊരു സംശയവും കൂടാതെ ഞങ്ങൾ അതിനെ കൈക്കൊള്ളുമാറാകണമെ. കർത്താവേ! സകല പഴക്കത്തിൽ നിന്നും ഒഴിഞ്ഞു നിത്യവും പുതുതായി തന്നെ ഭക്ഷിപ്പാനും തന്റെ രാജ്യത്തിൽ പുതുതായി തന്നെ പാനം ചെയ്യുവാനും ഞങ്ങളെ അർഹരാക്കണമെ. അവിടെ ഞങ്ങൾ കർത്താവിനു സ്വർഗ്ഗീയന്മാരായ കുറ്റമില്ലാത്ത ആടുകളേയും, മലിനതയില്ലാത്ത പരമാർത്ഥികളായ കുഞ്ഞാടുകളേയും, നിർമ്മലങ്ങളാകുന്ന പാനീയ നിവേദ്യങ്ങളേയും, വെടിപ്പുള്ള പ്രാവുകളേയും, ചെങ്ങാലികളേയും ബലികഴിക്കുമാറാകണമെ. ഇവിടേയും അവിടേയും ആ മാഞ്ഞുപോകാത്ത ലോകത്തിലും ആനന്ദകരമാകുന്ന പെസഹായാകുന്ന തന്നിൽ ഞങ്ങൾ സന്തോഷിച്ചു ആനന്ദിച്ച് ആഹ്ലാദിക്കുമാറാകണമെ. ഞങ്ങളും ഞങ്ങളുടെ മരിച്ചവരും കർത്താവിൽ നിദ്രപ്രാപിച്ച വിശ്വാസികളായ സകല മരിച്ചവരും തനിക്കും ഞങ്ങൾക്കുവേണ്ടിചാരിഞ്ഞ തിരുരക്തത്താൽ യോജിപ്പിച്ച തിരു പിതാവിനും, സാരാംശത്തിൽ തനിക്കു തുല്യനായിരിക്കുന്ന പരിശുദ്ധറൂഹായ്ക്കും, സന്തോഷത്തോടു സ്തുതിയും ആനന്ദത്തോടു കീർത്തനവും ആഹ്ലാദത്തോടു പുകഴ്ചയും കരേറ്റുമാറാകണമെ.
ഹോശോ..........

**കോലോ**

1. ഈ സന്ധ്യയിൽ നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാക്ക് തന്റെ കഷ്ടാനുഭവത്തെ വെളിപ്പെടുത്തി. അവരോട് തന്റെ നന്മയുടെ ഫലം ദർശിച്ച അക്രമികളിൽ നിന്ന് ആദാമ്യവർഗ്ഗത്തിനുവേണ്ടി താൻ പീഡകൾ സഹിക്കുവാനായിരിക്കുന്നുവെന്നും അന്യായക്കാരോടൊന്നിച്ച് സ്ക്കീപ്പായിൽ കുറ്റം കൂടാതെ തന്നെ തറയ്ക്കുമെന്നും പറഞ്ഞു. തന്റെ ശ്രേഷ്ഠതയ്ക്കു സ്തുതി. തന്റെ നിത്യതയിൽ താൻ അതിർത്തിയില്ലാത്തവനായിരിക്കുമ്പോൾ സ്വ

യം വെറുമെയാക്കി തന്നെത്താൻ താഴ്ത്തി. ന്യായസ്ഥലത്തു വെച്ച് തന്നെ കുറ്റം വിധിപ്പാൻ ദുഷ്ടന്മാർ തന്നെ പിടിച്ചു.

ബാറെക്മോർ -ശുബഹോ - മെനഓലം....

2. നിങ്ങളിൽ ഒരുവൻ എന്നെ യൂദജനത്തിന്നേല്പിച്ചു കൊടുക്കുമെന്നും ഞാൻ കഷ്ടതയും സ്ക്കീപ്പായും സഹിക്കുമെന്നും നമ്മുടെ രക്ഷകൻ അരുളിച്ചെയ്തപ്പോൾ ശിഷ്യന്മാരുടെ അനുഗ്രഹീതസംഘത്തിനു ദുഃഖമുണ്ടായി. വഞ്ചകശിഷ്യനായ സ്കറിയോത്തായിൽ സാത്താൻ പ്രവേശിച്ചു. അവൻ ആചാര്യന്മാരുടെ അടുക്കൽ പോയി അവക്ക് തന്നെ ഏല്പിക്കയും അവന്റെ ആത്മഹത്യയ്ക്കുള്ള കയറിന്റെ വിലയായി മുപ്പതു വെള്ളിക്കാശ് വാങ്ങുകയും ചെയ്തു.

## എത്രോ

ദൈവമായ കർത്താവേ! ഈ പെരുനാളിൽ ഞങ്ങൾ തിരുമുമ്പിൽ സമർപ്പിച്ച ഈ ധൂപത്തെ ഹാബേലിന്റെ കാഴ്ച പോലെയും നോഹിന്റെ നിവേദ്യം പോലെയും അബ്രഹാമ്മിന്റെ ബലിപോലെയും മലക്സിദേകിന്റെ പുരോഹിതകർമ്മം പോലെയും മോശയുടെ പ്രാർത്ഥനപോലെയും, അഹറോന്റെ ധൂപം പോലെയും ഫിനഹാസിന്റെ കാര്യവിചാരം പോലെയും ദാവീദിന്റെ അപേക്ഷ പോലെയും, മനസ്സയുടെ കണ്ണുനീരു പോലെയും കൈക്കൊള്ളേണമെ. എന്റെ നാഥാ, ഞങ്ങളുടെ കടങ്ങളുടെ മോചനത്താലും, ഞങ്ങളുടെ വേദനകളുടെ സൗഖ്യത്താലും, ഞങ്ങളുടെ ആത്മാക്കളുടെ കാവലാലും, ഞങ്ങളുടെ മരിച്ചവരുടെ പുണ്യത്താലും ഞങ്ങളെ ആനന്ദിപ്പിക്കേണമെ. ഞങ്ങൾ കർത്താവിനും തവ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും കീർത്തനവും കരേറ്റുമാറാകണമെ. ഹോശോ.....

## വീണ്ടും കോലോ

(കുക്കോയോ)

1. പെസഹാപ്പെരുന്നാളിനുമുമ്പേ-ബുധനാ-മാഴ്ചയിലും
വ്യാഴത്തിലുമീശൻ മർമ്മം-വെളിവാക്കിച്ചൊന്നാൻ
പോകുന്നു നാം-പാവനമാം പുരിയിൽ
പിടികൂടീടും-എന്നെ യൂദന്മാർ

നിയമം ലംഘിച്ചോനാകും-ആദാമിനുവേണ്ടി
മാനുഷപുത്രനെയേറ്റീടും-സ്ലീബിയിന്മീതെ.
ഹാലേലുയ്യ-അവനേദൻ പൂകും ബാറെക്മോർ
ശുബഹോ-മെനഓലം-ഹാലേലുയ്യ

2. പെസഹാപ്പെരുന്നാളിനുമുമ്പേ-ബുധനാ-മാഴ്ചയിലും
വ്യാഴത്തിലുമാ യൂദന്മാർ വഞ്ചി-പ്പാൻ കൂടി
ജനരക്ഷയ്ക്കായ് ഏകൻ മൃതിയാന്നാൽ
അതു നന്നാണെ-ന്നാ വൻ പെരുന്നാളിൽ
മ്ശിഹാ തന്നുടെ മൃതിയെ മുൻനിത്തി കയ്യാപ്പാ
പ്രവചിച്ചാൻ ജനമൊന്നായി-ട്ടതിനെപ്പിൻതാങ്ങി
ഹാലേലുയ്യ-റപാണദനെക്കൊന്നാർ മൊറിയോറാഹേം ....

## ബോത്തേദ്ഹാശോ

ഞങ്ങൾ-ക്കായ് നീ-യേറ്റൊരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാ-ഥാ!

1. ഹൃദയ-ങ്ങളെയെ-ല്ലാമറിയു-ന്നോൻ
ഈ സ-ന്ധയയിലേ-വം വെളിവാ-ക്കി
നിങ്ങളിലേകൻ-എന്നെയൊറ്റും
വലമാം-ഭാഗ-ത്തമരുന്നോ-രാം
കുഞ്ഞാ-ടുകളേറ്റം ഖേദിച്ചു

2. ഈയ-ന്തിയില-ച്ചതിയൻ യൂ-ദാ
തരമാ-കുമ്പോ-ഴവനേ നീ-ച്ചർ
ക്കേല്പിച്ചീടാ-മെന്നങ്ങേറ്റാൻ
തൻര-ക്തത്താൽ-നമ്മെക്കൊ-ണ്ടോൻ
തൻമൂ0ല്യമഹോ-മുപ്പതു നാണ്യം

3. നാഥ-ന്മാർ തൻ-നാഥനുവേ-ണ്ടി
പെസഹാ-കുഞ്ഞാ-ടതിനെയൊരു-ക്കി
നിബിയന്മാരോ-ടാചാര്യന്മാർ
വെളിപാ-ടുകളാൽ-സൂചിപ്പിച്ചോ-ൻ

തനയൻ-സർവ്വം-പൂർണ്ണമതാ-ക്കി
നിൻ വി-ധി ചെയ്തോർ വിധിയേൽ-ക്കുമ്പോൾ
വിധി ചെയ്യരുതേ-ഞങ്ങളെയീശാ മൊറിയോ റാഹേം...

## മാർ അപ്രേമിന്റെ ബോവൂസാ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ
**ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ**

1. ക്രൂശകർ തന്നവസാനത്തെ പെരുനാളാം പെസഹാ വന്നു
നാഥൻ പ്രേരണകൂടാതെ സ്വയമേ കുഞ്ഞാടായ് തീർന്നു
നിൻ ഹിതമെന്നറിയിക്ക പെസഹായെവിടെയൊരുക്കേണം
സധയം താണോരുന്നതനോ ടേവം ശിഷ്യർ ചോദിച്ചു
**ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ**

2. താതാ ദർശകരുടെ മർമ്മം സുതനാം ഞാൻ നിറവേറ്റുന്നു
ഭൂജാതികളാനന്ദിപ്പാൻ ഞാൻ ബലിയായ്ത്തീരുന്നു
മുമ്പായി ഞാൻ നേടിയ സഭയെ നിൻ സവിധേ ഞാൻ വേൾക്കുന്നു
വിലയേറിയതാമെൻ രക്തം സ്ത്രീധനമായ് ഞാനെ-ഴുതുന്നു
**ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ**

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം-രാജ്യേ
**ദേവാ ദയയുണ്ടാകേണം നാഥാ കൃപതോന്നേണമൻപാൽ**

## ഏവൻഗേലിയോൻ

**(പെസ്ഗോമോ)**

**ഹാലേലുയ്യ-ഹാലേലുയ്യ-വൈരിസമൂഹമെനിക്കെതിരായ് മന്ത്രിച്ചു-ദോഷം ചെയ്വാനവരാലോചിച്ചു ഹാലേലുയ്യ**

വി. യോഹന്നാൻ 7:45-52, 8: 12-20
ചേവകർ മഹാപുരോഹിതന്മാരുടെയും പരീശന്മാരുടെയും അടുക്കൽ മടങ്ങി വന്നപ്പോൾ അവർ അവരോടു: നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞത് എന്തു എന്നു ചോദിച്ചതിന്നു; ഈ മനുഷ്യൻ സംസാരിക്കുന്നതുപോലെ ആരും ഒരുനാളും സംസാരിച്ചിട്ടില്ല എന്നു ചേവകർ ഉത്തരം പറഞ്ഞു. പരീശന്മാർ അവരോടു: നിങ്ങളും തെറ്റപ്പോയോ? പ്രമാണികളിൽ ആകട്ടെ പരീശന്മാരിൽ ആകട്ടെ അരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? ന്യായറപമാണം അറിയാത്ത പുരുഷന്മാരോ ശപിക്കപ്പെട്ടവരാകുന്നു എന്നു ഉത്തരം പറഞ്ഞു. അവരിൽ ഒരുത്തതായി, മുമ്പെ ഒരിക്കൽ അവന്റെഅടുക്കൽ വന്നിരുന്ന നിക്കോദേമൊസ്: അവരോടു: ഒരു മനുഷ്യന്റെ വാമൊഴി ആദ്യം കേട്ടു. അവൻ ചെയ്യുന്നതു ഇന്നതു എന്നു അലിഞ്ഞിട്ടല്ലാതെ ന്യായപ്രമാണം അവനെ വിധിക്കുന്നുവോ എന്നു പറഞ്ഞു. അവർ അവനോടു: നീയും ഗലീലക്കാരനോ? ഫരിശോധിച്ചു നോക്കുക; ഗലീലയിൽ നിന്നു പ്രവാചകൻ എഴുന്നേൽക്കുന്നില്ലല്ലോ എന്നു ഉത്തരം പറഞ്ഞു.

യേശു പിന്നെയും അവരോടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചുമള്ളവൻ ആകും എന്നു പറഞ്ഞു. പരീശന്മാർ അവനോടു: നീ നിന്നെക്കുറിച്ചു തന്നെ സാക്ഷ്യം പറയുന്നു; നിന്റെ സാക്ഷ്യം സത്യമല്ലായെന്നു പറഞ്ഞു. യേശു അവരോടു ഉത്തരം പറഞ്ഞതു: ഞാൻ എന്നേക്കുറിച്ചു തന്നേ സാക്ഷ്യം പറഞ്ഞാലും എന്റെ സാക്ഷ്യം സത്യം ആകുന്നു; ഞാൻ എവിടെ നിന്നു വന്നു എന്നും എവടേക്കു പോകുന്നു എന്നും അറിയുന്നില്ല. നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു; ഞാൻ ആരേയും വിധിക്കുന്നില്ല. ഞാൻ വിധിച്ചാലും ഞാൻ ഏകനല്ല, ഞാൻ എന്നെ അയച്ച പിതാവും കൂടെ അകയാൽ എന്റെ വിധി സത്യമാകുന്നു. രണ്ടു മനുഷ്യരുടെ സാക്ഷ്യം സത്യമെന്നു നിങ്ങളുടെ ന്യായപ്രമാണത്തിലും എഴുതിയിരിക്കുന്നുവല്ലോ. ഞാൻ എന്നേക്കുറിച്ചു തന്നേ സാക്ഷ്യം പറയുന്നു; എന്നെ അയച്ച പിതാവും എന്നെക്കുറിച്ചു സാക്ഷ്യാ പറയുന്നു. അവർഅവനോടു: നിന്റെ പിതാവു് എവിടെ എന്നു ചോദിച്ചതിന്നു യേശു: നിങ്ങൾ എന്നെ ആകട്ടെ എന്റെ പിതാവിനെ ആകട്ടെ അറിയുന്നില്ല; എ

ന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനേയും അറിയുമായിരുന്നു എന്നു ഉത്തരം പറഞ്ഞു. അവൻ ദൈവാലയത്തിൽ ഉപദേശിക്കുമ്പോൾ ഭണ്ഡാരസ്ഥലത്തുവെച്ച് ഈ വചനം പറഞ്ഞു; അവന്റെ നാഴിക അതുവെരെയും വന്നിട്ടില്ലായ്ക്കകൊണ്ടു ആരും അവനെ പിടിച്ചില്ല.

St. John 7:45-52, 87:12-20

Then the officers came to the chief priests and Pharisees, who said to them, "Why have you not brought Him?" The officers answered, "No man ever spoke like this Man!" Then the Phariseers answered them, "Are you also deceived?" "Have any of rulers or the Pharisees believed in Him?" "But this crowd that does not know the law is accursed." Nicodemus (he who came to Jesus by night, being one of them) said to them, "Does our law judge a man before it hears him and knows what he is doing?" They answered and said to him, "Are you also from Galilee? Search and look, for no prophet has arisen out of Galilee."

Then Jesus spoke to them again, saying, I am the light of the world. He who follows Me shall not walk in darkness, but have the light of life." The Pharisees therefore said to Him "You bear witness of Yourself; Your witness is not true." Jesus answered and said to them, "Even if I bear witness of Myself, My witness is true, for I know where I came from and where I am going; but you do not know where I come from and where I am going. "You judge according to the judge no one." " And yet if I do jedge, My judgement is true, for I am not alone, but I am with the Father who sent Me." "It is also written in your law

that the testimony of two me is true." "I am One who bears witness of Myself, and the Father who sent Me bears witness of Me." Then they said to Him, "Where is Your Father?" Jesus answered, "You know neither Me nor My Father. If you had known Me, you would have known My Father also." These words Jesus spoke in the treasury, as He taught in the temple; and no one laid hands on Him, for His hour had not yet come.

